# STD - I

## അദ്ധ്യാപക സഹായി

## പാഠം – മൂന്ന് നാം ദൈവമക്കൾ ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവം ഭൂമിയിലെ എല്ലാറ്റിനെയും സൃഷ്ടിച്ചു. ദൈവം നമ്മുടെ പിതാവും നാം ദൈവത്തിന്റെ മക്കളുമാണ്.

ദൈവം എനിക്കു നൽകിയ മാതാപിതാക്കളെയും സഹോദരങ്ങളെയും ഞാൻ സ്നേഹിക്കും.

### പഠനസഹായികൾ

* വചനം – 1 യോഹ. 3:2
* തള്ളക്കിളി കുഞ്ഞുങ്ങൾക്ക് ഭക്ഷണം നൽകുന്ന ചിത്രം
* കുടുംബാംഗങ്ങൾ ഒന്നിച്ച് ഭക്ഷണം കഴിക്കുന്ന ചിത്രം
* ലോകത്തിലെ സൃഷ്ടിജാലങ്ങളുടെ ചിത്രം
* ഒരുമയുള്ള മക്കൾ നാം – പാട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം ഭൂമിയിലെ എല്ലാറ്റിനെയും സൃഷ്ടിച്ചു
* ദൈവത്തിന്റെ ഏറ്റവും നല്ല സൃഷ്ടിയാണ് മനുഷ്യൻ
* അപ്പനെയും അമ്മയെയും എന്നെയും സൃഷ്ടിച്ചത് ദൈവമാണ്.
* ദൈവം നമ്മുടെ പിതാവും നാം ദൈവമക്കളും
* നാമെല്ലാവരും സഹോദരങ്ങളാണ്.
* നാം പരസ്പരം സ്നേഹിക്കണം.
* സഹജീവികളെ സ്നേഹിക്കണം.
* ഒരുമയുള്ള, കരുണയുള്ള, എളിമയുള്ള, സ്നേഹമുള്ള ദൈവമക്കൾ.

### പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, എന്റെ മാതാപിതാക്കളെയും, ഗുരുക്കന്മാരെയും, കൂട്ടുകാരെയും സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമേ.

## ചോദ്യങ്ങൾ

1. നമ്മെ സൃഷ്ടിച്ചത് ആരാണ്?
2. ആരാണ് നമ്മുടെ പിതാവ്?
3. നാമെല്ലാവരും ആരുടെ മക്കളാണ്?
4. നാം മറ്റുള്ളവരോട് എങ്ങനെ പെരുമാറണം?
5. 'ഒരുമയുള്ള മക്കൾ നാം' എന്ന പാട്ട് പാടുക.

# STD - I

## അദ്ധ്യാപക സഹായി

**പാഠം – മൂന്ന്          നാം ദൈവമക്കൾ    ഭാഗം – രണ്ട്**

### ലക്ഷ്യം

ദൈവമക്കളായ നാം എല്ലാവരേയും സ്നേഹിക്കണം.

എല്ലാ ദിവസവും കുടുംബപ്രാർത്ഥനയിൽ എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കും.

### പഠനസഹായികൾ

* സ്നേഹിക്കേണ്ടവരുടെയും ബഹുമാനിക്കേണ്ടവരുടെയും പേരുകൾ എഴുതിയ ചാർട്ട്
* സത്പ്രവൃത്തികൾ എഴുതിയ ചാർട്ട്

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവമക്കളുടെ സവിശേഷതകൾ
* എല്ലാ ദിവസവും കുടുംബ പ്രാർത്ഥനയിൽ ഉറക്കെ പ്രാർത്ഥിക്കും.
* ദൈവത്തോട് പ്രതിജ്ഞ ചെയ്യാം.
* തമ്മിൽത്തമ്മിൽ സ്നേഹിക്കാം.

### പ്രാർത്ഥന

എന്റെ ഉണ്ണിയേശുവെ, മറ്റുള്ളവർക്ക് നന്മചെയ്തുകൊണ്ട്, പരസ്പരം സ്നേഹത്തിലായിരിക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

### ചോദ്യങ്ങൾ

1. ദൈവമക്കളുടെ സവിശേഷതകൾ എന്തെല്ലാം?
2. ഒരു ഉണ്ണിക്കവിത ചൊല്ലുക
3. നാം സ്നേഹിക്കേണ്ട മൂന്നു പേരുകൾ പറയുക
4. നാം ബഹുമാനിക്കേണ്ടവരുടെ മൂന്നു പേരുകൾ പറയുക
5. ഏതെങ്കിലും മൂന്ന് സത്പ്രവൃത്തികൾ പറയുക